സ.ഉ. (സാധാ)നമ്പർ 1615/2021/ആ.കു.വ. പ്രകാരം എൻ.എ.ജെ.ആർ. ഡെന്റൽ ഡോക്ടർമാരുടെ വേതനം 42,000 രൂപയായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എൻ.എ.ജെ.ആർ. ദന്തൽ ഡോക്ടർമാർ സമരം പിൻവലിക്കുകയും കൃത്യമായി ഡ്യൂട്ടി നിർവ്വഹിക്കുകയും ചെയ്യുന്നു.

വിദഗ്ധ ചികിത്സയ്ക്ക് നടപടി

205 (3232) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മെഡിക്കൽ കോളേജിലെ പ്രസവ ചികിത്സയെ തുടർന്ന് ഒന്നരവർഷമായി അബോധാവസ്ഥയിലായ പട്ടികജാതി കുടുംബാംഗമായ, മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട മാനീരി കൊറ്റൻ മകൾ ശ്രീമതി പ്രമീളയുടെ വിദഗ്ധ ചികിത്സയ്ക്ക് ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ?

മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽനിന്നും വേണ്ട ചികിത്സ നൽകിയതിനുശേഷം വിദഗ്ധ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് റഫർ ചെയ്തിട്ടുണ്ട്.

(ബി) ടിയാളെ പ്രസവാനന്തരം കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യാൻ ഇടയായ സാഹചര്യം വിശദമാക്കുമോ?

മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽനിന്നും ഇവരെ സ്വകാര്യ ആശുപത്രിയിലേയ്ക്ക് റഫർ ചെയ്തിട്ടില്ല.

(സി) ചികിത്സാ പിഴവ് സംബന്ധിച്ച് കുടുംബത്തിന്റെ പരാതി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പരാതി സർക്കാരിൽ ലഭിക്കുകയും ആയത് 11-4-2020-ലെ ബി 4/80/2020/ആ.കു.വ. കത്ത് പ്രകാരം റിപ്പോർട്ടിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇതേ മെഡിക്കൽ കോളേജിൽ താൽക്കാലിക ജീവനക്കാരി യായിരുന്ന ടിയാൾക്ക് പി.എസ്.സി. വഴി സ്ഥിരം നിയമനം ലഭിച്ചത് രോഗാവസ്ഥയിൽ തുടരുമ്പോൾ ആയതിനാൽ രോഗമുക്തി നേടും വരെ ജോലിയിൽ പ്രവേശിക്കുന്നതിന് ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് -II ആയി ജോലിയിൽ പ്രവേശിക്കുന്നതിന് 6 മാസത്തെ സമയം കൂടി അനുവദിയ്ക്കണമെന്നുള്ള അപേക്ഷ എച്ച്2/14/2021/ആ.കു.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത വിഷയത്തിൽ ഉയർന്ന പരാതിയും നിലവിലെ അവരുടെ ആരോഗ്യസ്ഥിതിയും പരിശോധിക്കുന്നതിന് വിദഗ്ധ സമിതി രൂപീകരിച്ച് റിപ്പോർട്ട് തേടുന്നതിന് നടപടി സ്വീകരിക്കുമോ?

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

ഓൺലൈൻ എഫ്.എച്ച്.എസ്. ട്രെയിനിംഗ്

206 (3233) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എച്ച്.എൻ. തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനു വേണ്ട എഫ്.എച്ച്.എസ്. ട്രെയിനിംഗ് കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ ആയി നൽകിയിട്ടുണ്ടോ;

(ബി) ഓൺലൈൻ ആയി ട്രെയിനിംഗ് ലഭിച്ച എത്ര പേർക്ക് പി.എച്ച്.എൻ./എൽ.എച്ച്.ഐ. ആയി പ്രൊമോഷൻ നൽകിയിട്ടുണ്ട്;

(സി) കോവിഡ്-19-മായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ തുടരേണ്ടതിനാൽ തുടർന്നും പ്രസ്തുത ട്രെയിനിംഗ് ഓൺലൈൻ ആയി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ ആരോഗ്യസ്ഥാപനങ്ങളിൽ എത്ര പി.എച്ച്.എൻ./ എൽ.എച്ച്.ഐ. ഒഴിവുകൾ നിലവിലുണ്ട്;

(ഇ) എഫ്.എച്ച്.എസ്. ട്രെയിനിംഗ് ലഭിക്കാത്തതിനാലാണോ ഇവർക്ക് പ്രൊമോഷൻ നൽകാത്തത്;

(എഫ്) മേൽ സാഹചര്യത്തിൽ നിലവിൽ ജെ.പി.എച്ച്.എൻ. ഗ്രേഡ് - I തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാവർക്കും ഓൺലൈൻ ആയി ട്രെയിനിംഗ് നൽകുന്ന കാര്യം പരിഗണിക്കുമോ?

(എ-എഫ്) കോവിഡ് -19-ന്റെ പശ്ചാത്തലത്തിൽ എഫ്.എച്ച്.എസ്. ട്രെയിനിംഗ് ഓൺലൈൻ ആയി നടത്തുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. നിലവിലെ വിവരം അനുസരിച്ച് 279 ഒഴിവുകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly